***<u>'CORRUPTION, A CRIME AGAINST NATION'</u>***

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇമെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**
**തീയതി: 28.01..2023**

# "കൈക്കൂലി വാങ്ങുന്നതിനിടെ പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ വിജിലൻസ് പിടിയിൽ"

കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ ഇ.റ്റി.അജിത്കുമാർ 20,000/- രൂപ കൈക്കൂലി വാങ്ങവെ ഇന്ന് (28.01.2023) വിജിലൻസിൻറെ പിടിയിലായി.

കോട്ടയം ജില്ലയിലെ പ്രവാസി മലയാളിയായ ശ്രീ. ഷാജിമോൻ ജോർജ്, മാഞ്ഞൂർ സർക്കാർ സ്കൂളിനു സമീപം വ്യവസായസംരംഭം ആരംഭിക്കുന്നതിനായി 6 നിലയിലുള്ള കെട്ടിടം നിർമ്മിച്ച വരുന്നതും, അത് പൂർത്തീകരണ അവസഥയിലുമാണ്. കെട്ടിടം നിർമ്മിക്കുന്നതിനായി ആദ്യം 4 നിലക്ക് പഞ്ചായത്തിൽ പെർമിറ്റിനായി അപേക്ഷ സമർപ്പിച്ചതനുസരിച്ച് 2020 ജനുവരി മാസത്തിൽ പെർമിറ്റ് ലഭിക്കുകയും ചെയ്തു. തുടർന്ന് രണ്ടുനിലയും കൂടി അധികമായി പണിയുന്നതിന് പെർമിറ്റിനായി 2022 ഫെബ്രുവരി മാസത്തിൽ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ഓരോ മുടന്തൻ ന്യായങ്ങൾ പറഞ്ഞ് പെർമിറ്റ് അനുവദിച്ചില്ല. തുടർന്ന് ഈ മാസം രണ്ടാം തീയതി നാട്ടിലെത്തി പരാതിക്കാരൻ പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ ആയ അജിത്കുമാറിനെ കണ്ടപ്പോൾ ഇത്രയും വലിയ സംരംഭം തുടങ്ങുന്നതിന് കുറഞ്ഞത് 20,000/-രൂപയും ഒരു സ്കോച്ചും

കൈക്കൂലിയായി നൽകിയാൽ പെർമിറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് അറിയിച്ചു. പരാതിക്കാരൻ ഈ വിവരം വിജിലൻസ് ഈസ്റ്റേൺ റേഞ്ച്, കോട്ടയം പോലീസ് സൂപ്രണ്ട് ശ്രീ.വി.ജി. വിനോദ്കുമാറിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം കോട്ടയം കിഴക്കൻ മേഖല വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ.പി.വി മനോജ്കുമാർ കെണി ഒരുക്കി ഇന്ന് ഉച്ചയ്ക്ക് 1.50 മണിയോടെ മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽവച്ച് പരാതിക്കാരനിൽ നിന്നും 20,000/-രൂപ കൈക്കൂലി വാങ്ങവെ ശ്രീ.പി.വി മനോജ്കുമാറിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം ഇ.റ്റി.അജിത്കുമാറിനെ കൈയോടെ പിടികൂടുകയാണുണ്ടായത്. സ്കോച്ച് ഓഫീസിൽ വച്ച് തരേണ്ടതില്ലായെന്നും വൈകിട്ട് വന്ന് കാണാനും പരാതിക്കാരനോട് അറിയിക്കുകയുണ്ടായി. അറസ്റ്റിലായ പ്രതിയെ ഇന്ന് (28.01.2023) കോട്ടയം വിജിലൻസ് കോടതിയിൽ ഹാജരാക്കും. ഇതിനുമുൻപും പരതിക്കാരനിൽ നിന്നും ഇതേ ആവശ്യത്തിനായി 5,000/- രൂപയും സ്കോച്ചും അജിത്കുമാർ കൈക്കൂലിയായി വാങ്ങിയിരുന്നു.

വിജിലൻസ് സംഘത്തിൽ വിജിലൻസ്, ഈസ്റ്റേൺ റേഞ്ച് കോട്ടയം യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ പി.വി മനോജ്കുമാറിനെ കൂടാതെ ഇൻസ്പെക്ടർമാരായ മഹേഷ്പിള്ള, രമേശ്. ജി, സജു .എസ് .ദാസ്, സബ് ഇൻസ്പെക്ടർമാരായ സ്റ്റാൻലി തോമസ്, സാബു, അനിൽകുമാർ, ജയ് മോൻ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ അനിൽകുമാർ, ഹാരിസ്, എസ്.സി.പി.ഒ മാരായ അനു.കെ.എ, അനൂപ്.വി.എസ്, ഷമീർ, ജാൻസി, രഞ്ജിത് പി.റ്റി, ഇടുക്കി വിജിലൻസ് യൂണിറ്റിലെ സന്ദീപ്, ആലപ്പുഴ യൂണിറ്റിലെ ശ്യാം എന്നിവരടങ്ങിയ വിജിലൻസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

**അറസ്റ്റിന്ശേഷം പരാതിക്കാരനായ ശ്രീ. ഷാജിമോൻ ജോർജിന് ന്യായമായും ലഭിക്കേണ്ട കെട്ടിട നിർമ്മാണ പെർമിറ്റ് വിജിലൻസ് ഇടപെട്ട് പഞ്ചായത്ത് സെക്രെട്ടറിയിൽ നിന്നും വാങ്ങി നൽകുകയും ചെയ്തു.**

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം, ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.



ഒരു വർഷത്തോളമായി കൈക്കൂലി നൽകാത്തതിനാൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കാതിരുന്ന അസിസ്റ്റന്റ് എൻജിനീയറെ വിജിലൻസ് അറസ്റ്റ് ചെയ്തതിനെ തുടർന്ന് പരാതിക്കാരനായ ശ്രീ. ഷാജിമോൻ ജോർജിന് വിജിലൻസിന്റെ ഇടപെടലിനെ തുടർന്ന് മാഞ്ഞൂർ പഞ്ചായത്ത് സെക്രട്ടറി കെട്ടിട നിർമ്മാണ പെർമിറ്റ് കൈമാറുന്നു.